**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1664 — 03.05.2017 ൽ മറുപടിക്ക്

കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും ഒരു കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; | (എ) | ഇല്ല. എന്നാൽ 28.03.2017 ലെ സ.ഉ (ആർ.റ്റി)845/2017/ആ.കു.വ പ്രകാരം സംസ്ഥാനത്തെ ഓരോ മണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ വീതം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | സാർവ്വത്രികവും സൗജന്യവും, സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഓരോ കുടുംബത്തിനും നൽകുവാനും, അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബ ആരോഗ്യകേന്ദ്രം എന്ന തലത്തിലേയ്ക്ക് കൊണ്ടുവരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും, സാധാരണ ചികിത്സ സേവനങ്ങൾക്ക് വേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നത് തടയുവാനും കഴിയുന്നു. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ജീവിതശൈലീ രോഗങ്ങളുടെ കണ്ടെത്തലിനും തുടർ ചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ (ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പടെ) ഓരോ കേന്ദ്രത്തിലും സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള സ്റ്റാഫുകൾക്ക് പുറമെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ